തുഞ്ചത്തെഴുത്തച്ഛൻ
# മലയാളസർവകലാശാല

## പിഎച്ച്.ഡി കോഴ്സ്‌വർക്ക് പരീക്ഷ

**ഫെബ്രുവരി 2025**

**FLS PCW 2403**

## ചലച്ചിത്രപഠനം

## മലയാള സിനിമയിലെ ദളിത്ശരീരം

**സമയം: 3 മണിക്കൂർ** **മാർക്ക്:100**

**I. രണ്ടുപുറത്തിൽ കവിയാതെ എട്ടുചോദ്യത്തിന് ഉത്തരമെഴുതുക.**

**(8X5 = 40)**

1. താര ശരീരം എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?

2. മമ്മൂട്ടി എന്ന താരശരീരം ജാതി അധിക്ഷേപകന്റെ വേഷത്തിൽ അവതരിപ്പിക്കുന്ന സിനിമയാണ് പുഴു. മമ്മൂട്ടി എന്ന താരശരീരം ഇത്തരമൊരു കഥാപാത്രത്തെ അവതരിപ്പിക്കുന്നതിലൂടെ ഉണ്ടാകുന്ന സ്വതരാഷ്ട്രീയത്തിന്റെ വ്യവഹാരങ്ങൾ ചർച്ചചെയ്യുക?

3. ദളിത് ശരീരത്തിന്റെ പുനർനിർമ്മിതി സമകാല മലയാളസിനിമകളിൽ എങ്ങിനെ കാണപ്പെടുന്നു?

4. മെത്തേഡ് ആക്ടിങ്ങിന്റെ രീതികൾ ഏതെങ്കിലും ചലച്ചിത്രത്തിലെ മുഖ്യകഥാപാത്രത്തെ മുൻനിർത്തി വിശദീകരിക്കുക.

5. മെത്തേഡ് ആക്ടിങ്ങും സ്റ്റാനിസ്ലാവെസ്കിയുടെ അഭിനയ സമ്പ്രദായങ്ങളും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ വിശദീകരിക്കുക.

6. സംഭാഷണങ്ങളുടെ അവതരണം കൊണ്ട് കഥാപാത്രങ്ങളെ തീക്ഷണമാക്കിയ അഭിനയ ശൈലികൾ പരിശോധിക്കുക.

7. കഥാപാത്രത്തിന്റെ രൂപീകരണത്തിൽ ശരീരഭാഷയുടെ പങ്ക് വിശദീകരിക്കുക.

8. അഭിനേതാവിന്റെ വ്യക്തിഗത പരിചയം (ഉദാഹരണത്തിന് ജാതി, ലിംഗം, വർഗം, അല്ലെങ്കിൽ വംശം) അവരുടെ തിരശ്ശീലാ കഥാപാത്രങ്ങളുമായി ചേർന്നു സമൂഹത്തിന്റെ കാഴ്ചപ്പാടുകളെയും സാംസ്കാരിക വിവരണങ്ങളെയും എങ്ങനെ അവതരിപ്പിക്കുന്നു എന്ന് വിമർശനാത്മകമായി വിശദീകരിക്കുക.

9. “മലയാളസിനിമയുടെ പിറവിയിൽ തന്നെ ജാതിയുണ്ട്”. ഈ പ്രസ്താവന പരിശോധിക്കുക.

10. സമകാലിക മലയാള സിനിമ പുരുഷകേന്ദ്രിതമായ ലിംഗപദവി ആവിഷ്കാരങ്ങൾ പൊളിച്ചെഴുതുന്നതെങ്ങനെ എന്ന് വിശദീകരിക്കുക.

**II. അഞ്ചുപുറത്തിൽ കവിയാതെ മൂന്ന് ചോദ്യത്തിന് ഉത്തരമെഴുതുക.**

**(3X20=60)**

11. “ഇന്ത്യൻ സാഹചര്യത്തിൽ ജാതി പുതിയ അനുഭവമായി വിലയിരുത്താൻ കഴിയും. എന്നാൽ ഇതിൽ ഉൾ ചേർത്തിരിക്കുന്ന ഘടകങ്ങൾ ഒരേ കാലഘട്ടത്തിന്റേതല്ല” ചരിത്രത്തിന്റെ പുനർവാനയും കണ്ടെത്തലുകളും എങ്ങനെ ഇതിൽ നിർണായകമാകുന്നു എന്ന് പരിശോധിക്കുക.

12. മലയാളത്തിലെ ദളിത് ശരീരങ്ങളുടെ തിരഞ്ഞെടുപ്പിന് നിലവിൽ ഏതുതരം മാനദണ്ഡങ്ങളാണ് പുലർത്തുന്നത്. ചലച്ചിത്ര ഉദാഹരണങ്ങൾ സഹിതം ഉപന്യസിക്കുക.

13. അഭിനയത്തിന്റെ ശരീരസ്ഥമായ പാഠങ്ങൾ പഠിക്കുന്നതിന് കൃത്യമായ സിനിമാ വിശകലനം ഉപയോഗപ്പെടുത്തുന്നു. ഈ പ്രസ്താവന പരിശോധിക്കുക.

14. ഭരണകൂട ഹിംസകളിലും മനുഷ്യാവകാശ ലംഘനങ്ങളിലും ദലിതരും ന്യൂനപക്ഷങ്ങളും ഇരയാക്കപ്പെടുന്ന സ്വാഭാവികത എങ്ങനെയാണ് ഇവിടെ രൂപപ്പെട്ടതെന്ന് തമിഴ് സംവിധായകരുടെ സിനിമകളെ മുൻനിർത്തി പരിശോധിക്കുക.

******